Lalith Babu

## **Person നെയും citizen നെയും ഒരേ വിഭാഗത്തിൽ ഉൾപ്പെടുത്താനാവുകയില്ല**

ജനറൽ ക്ലോസസ് ആക്ട്-1897 പ്രകാരം **person** എന്ന പദം **natural person** നും **juristic person** നും ഉൾപ്പെട്ടതാണ്. എന്നാൽ **person** നും **citizen** നും എല്ലായ്പ്പോഴും ഒരേ വിഭാഗത്തിൽ വരുന്നതായി കണക്കാക്കാനാവില്ല. എല്ലാ **citizen** നെയും **person** ആയികണക്കാക്കാമെങ്കിലും തിരിച്ച് എല്ലാ **Artificial/juristic person** നെയും **citizen** എന്ന വിഭാഗത്തിൽപ്പെടുന്നതായി കണക്കാക്കാനാവില്ല. വിവരാവകാശ നിയമപ്രകാരം വിവരങ്ങൾ ലഭിക്കുന്നതിനുള്ള അവകാശം **citizen** ന് ആണ്. ഒരു സ്ഥാപനത്തിന്റെ ഭാരവാഹി, എന്ന നിലയിലാണെങ്കിലും അയാൾ അയാളുടെ പേരോടു കൂടി അപേക്ഷ സമർപ്പിക്കുമ്പോൾ ആ വ്യക്തിയുടെ **citizen** എന്ന സ്റ്റാറ്റസ് ഇല്ലാതാകുന്നില്ല. എന്നാൽ അപേക്ഷയിൽ അയാളുടെ പേര് വെക്കാതെ മാനേജിംഗ് ഡയറക്ടർ എന്നോ ജില്ലാ ഓഫീസർ എന്നോ സെക്രട്ടറി എന്നോ മാത്രം രേഖപ്പെടുത്തിയ **legal entity** യോടെ അപേക്ഷ സമർപ്പിക്കുമ്പോൾ അയാൾക്ക് **citizen** എന്ന നിലയക്ക് ലഭിക്കുന്ന അവകാശം നഷ്ടപ്പെടുന്നു.

ഔദ്യോഗിക സ്ഥാനം മാത്രം രേഖപ്പെടുത്തിക്കൊണ്ട് അപേക്ഷിച്ചാൽ അപേക്ഷ പരിഗണിക്കാനാവില്ലാ എന്ന് കേരള സംസ്ഥാന വിവരാവകാശ കമ്മീഷൻ AP.No.405(4)/2008/SIC എന്ന നമ്പർ വിധിയിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. വിധിയുടെ പ്രസക്ത ഭാഗം താഴെ കൊടുക്കുന്നു.

**"The RTI Act, of course, was introduced for setting out the "*practical regime of information for citizens*". Section 3 of the Act further would declare to the whole nation that *"all citizen shall have the right to information"*. So right to information is a right, a legal right, rather a fundamental right envisages under Article 19 & 21 of the Constitution of India. It is an individual right conferred to a citizen and, not on any other person, or on any other capacity, as "Proprietor", "Managing Director" and such other entities. "**